തൊഴിൽ–ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) പരപ്പാർ ഡാമിന്റെയും വലതുകര കനാലിന്റെ 44–ാം കിലോ മീറ്റർ വരെയുള്ള ഭാഗത്തിന്റെയും ശാസ്താംകോട്ട ബ്രാഞ്ചുകനാലിന്റെയും പണികൾ പുരോഗമിച്ചു വരുന്നു. ഇടതുകര കനാലിന്റെ കുറേഭാഗം ഇൻവെസ്റ്റിഗേഷൻ ആയിട്ടുണ്ട്. ഇതിന്റെ തുടക്കത്തിലുള്ള ഏതാനും കിലോമീറ്ററിന്റെ പണിക്ക് ഇക്കൊല്ലംതന്നെ ടെൻഡർ നൽകാനുള്ള നടപടികൾ എടുത്തു വരുന്നു. ഇപ്പോഴത്തെ അടങ്കൽത്തുകയായ 88.30 കോടി രൂപയിൽ 1978–79 അവസാനംവരെ 25.39 കോടി രൂപാ ചെലവാക്കിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിക്കുവേണ്ടി 9.45 കോടി രൂപ വക കൊള്ളിച്ചിരിക്കുന്നു.

(ബി) അടുത്ത ആറുവർഷംകൊണ്ടു പൂർത്തിയാക്കാമെന്നു കരുതുന്നു.

(സിയും ഡിയും) കല്ലട, മൂവാറ്റുപുഴ, ഇടമലയാർ, കാക്കടവ് എന്നീ ജലസേചന പദ്ധതികളും ഒന്നിച്ചു ചേർത്തുകൊണ്ട് "കേരളാ കോമ്പസിറ്റ് ഇറിഗേഷൻ പ്രോജക്ട്" എന്ന പദ്ധതി ലോകബാങ്കിന്റെ സഹായത്തിനായി വച്ചിട്ടുണ്ട്. ഈ നാലു പദ്ധതികൾക്കുംകൂടി 180 മുതൽ 200 കോടി രൂപാ വരെ ചെലവാകുമെന്നു കണക്കാക്കിയിരിക്കുന്നു. ലോകബാങ്ക് പദ്ധതിക്കു ചെലവാക്കുന്നതിന്റെ പകുതിയാണ് കടമായി തരുന്നത്. പദ്ധതി പരിശോധിച്ച് ലോകബാങ്കിന്റെ ഉദ്യോഗസ്ഥൻമാർ നാണ്യവിളകൾക്കുകൂടി ജലസേചനസൗകര്യം എത്തിക്കണമെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിശദമായ അഭിപ്രായ പ്രകടനത്തിന് അവസരമുണ്ടായിട്ടില്ല. പദ്ധതിയുടെ സാമ്പത്തിക ഭദ്രത പരിഗണിച്ചശേഷമേ ലോകബാങ്ക് സഹായം നൽകുകയുള്ളൂ. 1980-81-ൽ പദ്ധതിക്ക് ലോകബാങ്ക് സഹായം പ്രതീക്ഷിക്കുന്നുണ്ട്.

വികസന ബ്ലോക്കുകളിൽ ജൂനിയർ എൻജിനീയർമാരുടെ ഒഴിവ്

* 173 [186] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം വികസനബ്ലോക്കുകളിൽ ജൂനിയർ എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) വളരെയധികം വികസന പ്രവർത്തനം നടക്കുന്ന ബ്ലോക്കാഫീസുകളിൽ ജൂനിയർ എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്ന കാരണം മേൽപ്പടി ആഫീസിലെ പ്രവർത്തനം മന്ദീഭവിക്കുന്നതായി ഗവൺമെന്റിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) കൃത്യമായ എണ്ണം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജൂനിയർ എൻജിനീയർമാരെ നിയമിക്കുന്നത് ചീഫ് എൻജിനീയർ (ബിൽഡിംഗ് ആൻറ് റോഡ്സ്) ആണ്. ഈ മാതിരി പരാതികൾ ലഭിച്ചാലുടനെ അവ ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടു വരുകയും സത്വര നടപടികൾ എടുക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ഗിരിവർഗ്ഗ പ്രദേശങ്ങളിൽ വൈദ്യുതിയും ശുദ്ധജലവും വിതരണം

* 174 [187] ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗ പ്രദേശങ്ങളിൽ വൈദ്യുതിയും ശുദ്ധജലവും വിതരണം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) ഗിരിവർഗ്ഗ പ്രദേശങ്ങളിൽ വൈദ്യുതിയും ശുദ്ധജല വിതരണവും നടപ്പാക്കുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേലധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഹരിജനക്ഷേമ വകുപ്പിൻെറ ബാലവാടികൾ

* 175 [188] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഹരിജനക്ഷേമ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ഈ വർഷം എത്ര ബാലവാടികൾ അനുവദിച്ചു;

(ബി) അടുത്ത വർഷം ബാലവാടികൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) 100 എണ്ണം.

(ബി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly